ചക്കര സൊസൈറ്റികളിൽനിന്നും വസൂൽചെയ്യുവരുന്ന വില്പനനികുതി ഒഴിവാക്കിക്കിട്ടണമെന്നുള്ള സൊസൈറ്റികളുടെ അപേക്ഷകൾ ഗവൺമെണ്ടിലേക്ക് ലഭിച്ചിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഉണ്ട്.

ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ബിൽ

*൨൪൭. (൭൯) ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ബിൽ തോട്ടം തൊഴിലാളികൾക്കും ബാധകമാക്കികൊണ്ടുള്ള ഭാഗം നിയമപ്രകാരം സാധുവല്ലെന്ന എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ വിധിയുടെ ഫലമായി ഉണ്ടായിട്ടുള്ള തടസ്സങ്ങൾക്ക് വല്ല പ്രതിവിധിയും ഗവൺമെണ്ട് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അവാർഡിന്മേൽ തൊഴിലാളികൾ ബാംബെ അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ കൊടുത്തിട്ടുണ്ട്. ഈ അപ്പീലിൽ, ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ തോട്ടം തൊഴിലാളിതർക്കങ്ങൾക്കും ബാധകമാണെന്നുള്ള ഗവൺമെണ്ടിന്റെ പക്ഷം വാദിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ബി) എ.യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

സീതറാംമിൽ തൊഴിൽ കുഴപ്പം

*൨൪൮. (൭൨) ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) സീതാറാംമിൽ തൊഴിൽ കുഴപ്പത്തിൽ അഡ്ജൂഡിക്കേറ്ററുടെ അവാർഡു മുഴുവൻ നടപ്പിലാക്കിയിട്ടില്ലെന്നുള്ള ആക്ഷേപത്തെ തുടർന്ന് ആയതു പരിശോധിക്കുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ റിപ്പോർട്ട് ഗവൺമെണ്ടിലേക്ക് സമർപ്പിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉവ്വ്.

(ബി) ഉവ്വ്.

Unstarred Questions posted for Answer on 28th February 1951

പബ്ലിക്ക് ലൈബ്രറി

൨൦ ശ്രീ എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കുമോ.—

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ ഏതു പ്രതിദിനപത്രങ്ങളും വാരികകളും തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിക്കുവേണ്ടി ഗവൺമെണ്ടിൽനിന്നും വരുത്തുന്നു, അവ ഏതെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ): തിരുവനന്തപുരംപബ്ലിക്ക് ലൈബ്രറിക്ക് വേണ്ടി, ഗവൺമെണ്ടിൽനിന്നും വരുത്തുന്ന തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ പ്രതിദിനപത്രങ്ങളും വാരികകളും ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly